**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ**
**അഡിഷണൽ ഡയറക്ടറുടെ (അഡ്മിനിസ്ട്രേഷൻ & ട്രെയിനിങ്) നടപടിക്രമം**

---

വിഷയം:- ആവഡ-ജീവനക്കാര്യം-01-01-2013 മുതൽ 31-12-2020 വരെയുള്ള ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്.II/ഫീൽഡ് അസിസ്റ്റന്റ് /ഇൻസെക്ട് കളക്ടർ തസ്തികയിലെ ജീവനക്കാരുടെ സീനിയോറിറ്റി പട്ടിക പ്രൊവിഷണൽ ആയി പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു.

പരാമർശം:- 1. ഉത്തരവ് നം.ഇ.എസ്.1/ 9528 / 2023 /ആ.വ.ഡ തീയതി: 11/06/2024.

2. സർക്കുലർ നം:ഇ.എസ്.1/13145/2024/ആവഡ തീയതി: 24-08-2024

**ഉത്തരവ് നം :ഇ.എസ്.1/13145 /2024 /ആ.വ.ഡ തീയതി: 17-03-2025**

---

മേൽ പരാമർശം (1) പ്രകാരം 01/11/2007 മുതൽ 31/12/2012 വരെയുള്ള ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്.II തസ്തികയിലെ ജീവനക്കാരുടെ പ്രൊവിഷണൽ സീനിയോറിറ്റി പട്ടിക ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ഫയൽ ചെയ്യപ്പെട്ടിരിക്കുന്ന SLP(C)No.12363/2018 ലെ അന്തിമ വിധിന്യായത്തിനു വിധേയമായി പ്രസിദ്ധീകരിച്ച് ഉത്തരവായിരുന്നു. അതിനെ തുടർന്ന് 01-01-2013 മുതൽ 31-12-2020 വരെയുള്ള കാലയളവിലെ സീനിയോറിറ്റി പട്ടിക തയ്യാറാക്കുന്നതിനായി മേൽ പരാമർശം (2) പ്രകാരം വിവരങ്ങൾ ആവശ്യപ്പെട്ട് സർക്കുലർ പുറപ്പെടുവിക്കുകയും ജില്ലാ മെഡിക്കൽ ഓഫീസർമാർ (ആരോഗ്യം) മുഖേന ജീവനക്കാരുടെ സർവീസ് വിവരങ്ങൾ ലഭ്യമാക്കുകയും ചെയ്തു. അപ്രകാരം ലഭ്യമായ വിവരങ്ങൾ പരിശോധിച്ച് ടി കാലയളവിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II/ഫീൽഡ് അസിസ്റ്റന്റ് /ഇൻസെക്ട് കളക്ടർ തസ്തികകളിലെ

ജീവനക്കാരുടെ സീനിയോറിറ്റി പട്ടിക പ്രൊവിഷണൽ ആയി പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു.

പ്രൊവിഷണൽ സീനിയോറിറ്റി പട്ടികയിന്മേൽ ആക്ഷേപങ്ങൾ ഉള്ളപക്ഷം ആയതു മതിയായ രേഖകൾ സഹിതം ഈ ഉത്തരവ് പ്രസിദ്ധീകരിച്ച തീയതി മുതൽ പതിനഞ്ചു ദിവസത്തിനകം ഉചിതമാർഗ്ഗേണ ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്. നിശ്ചിത തീയതിയ്ക്കകം ആക്ഷേപങ്ങൾ ലഭിക്കാത്തപക്ഷം ആക്ഷേപങ്ങൾ ഒന്നും ഇല്ലായെന്ന് നിഗമനത്തിൽ അന്തിമ സീനിയോറിറ്റി പട്ടിക പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നതാണ്.

**Signed by Jayasree V**
**Date: 17-03-2025 00:24:51**

DR. JAYASREE V

**അഡിഷണൽ ഡയറക്ടർ (അഡ്മിനിസ്ട്രേഷൻ & ട്രെയിനിങ്ങ്)**

സ്വീകർത്താവ് - ബന്ധപ്പെട്ട ജീവനക്കാർ (ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ് മുഖേന)

പകർപ്പ് -

1. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും (ആരോഗ്യം) (ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ് മുഖേന)
2. ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ്
3. സൂപ്രണ്ട്, ഇ.ജി. സെക്ഷൻ
4. ഫയൽ /കരുതൽ ഫയൽ